പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 914 — 10/6/2019 ൽ മറുപടിക്ക്

## കോഴികർഷകർക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോർജ്ജ് എം തോമസ് : | | അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). | |
| എ) | സംസ്ഥാനത്തെ കോഴിക്കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | എ) | മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കോഴിവളർത്തൽ കേന്ദ്രങ്ങളിൽ നിന്നും ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ എഗ്ഗർ നഴ്സറികൾക്ക് നൽകുകയും 2 മാസം പ്രായമാകുമ്പോൾ എഗ്ഗർ നഴ്സറികളിൽ നിന്നും കോഴികളെ വകുപ്പ്തല പദ്ധതികൾക്കായും, പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കായും ആവശ്യമുള്ള കർഷകർക്ക് മൃഗാശുപത്രികൾ വഴിയും വിതരണം ചെയ്തു വരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള 9 പൗൾട്രി ഫാമുകളിൽ നിന്നും 5388232 മുട്ടയും 3584013 കോഴിക്കുഞ്ഞുങ്ങളെയും ഉത്പാദിപ്പിച്ചിട്ടുണ്ട്. കുരിയോട്ടുമല, ആയൂർ , കോട്ടത്തറ ഹാച്ചറികളിൽ നിന്നും 250588 കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ചിട്ടുണ്ട്. താറാവ് ഫാമിൽ (Duck Farm, Niranam ) നിന്നും 3,89,265 മുട്ടയും 1,23,311 താറാക്കുഞ്ഞുങ്ങളെയും ഉത്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.<br><br>ടർക്കി ഫാമിൽ നിന്നും 25,828 മുട്ടയും 11089 ടർക്കിക്കുഞ്ഞുങ്ങളെയും ഉത്പാദിപ്പിച്ചിട്ടുണ്ട്. കാടഫാമിൽ നിന്നും 1,57,818 മുട്ടയും 83762 കാടക്കുഞ്ഞുങ്ങളെയും ഉത്പാദിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപറേഷൻ വഴി കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന പൗൾട്രി വികസന കോർപറേഷൻ കർഷകർക്ക് പരമാവധി സഹായം നൽകുന്നു. കടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനനകേന്ദ്രത്തിൽ പ്രതിവർഷം 15 മുതൽ 18 ലക്ഷം വരെ കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നു. കൊല്ലം ജില്ലയിലെ കോട്ടിയത്തും തൃശ്ശൂർ ജില്ലയിലെ മാളയിലും പ്രവർത്തിക്കുന്ന മുട്ടക്കോഴി പ്രജനനകേന്ദ്രങ്ങളിൽ ഉല്പാദിപ്പിക്കുന്ന മുട്ടക്കോഴികളെ കർഷകർക്ക് വിതരണം ചെയ്തു വരുന്നതിനു പുറമെ വിവിധ പദ്ധതികൾ മുഖാന്തിരം കർഷകർക്ക് നൽകി വരുന്നു. അതിനു പുറമേ ഇറച്ചി കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്കായി രണ്ടു പദ്ധതികൾ കൂടി കെപ്‌കോ നടപ്പാക്കുന്നു.<br><br>1.കോൺട്രാക്ട് ഫാമിംഗ്<br><br>ഇറച്ചിക്കോഴി വളർത്തലിൽ താത്പര്യമുള്ള കർഷകർക്ക് മിതമായ നിരക്കിൽ ഇറച്ചി ക്കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും അവർ വളർത്തി എടുക്കുന്ന കോഴികൾക്ക് 45 ദിവസം പ്രായവും 2 കിലോ തൂക്കവും ഉണ്ടാകുമ്പോൾ കിലോക്ക് 82 രൂപ നിരക്കിൽ കെപ്‌കോ തിരിച്ചെടുത്ത് പ്രോസസ് ചെയ്ത് കോഴിയിറച്ചി തയ്യാറാക്കുന്നു. തീറ്റ, മരുന്ന്, അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ കർഷകർ നിർവ്വഹിക്കണം. ഇറച്ചിക്കോഴികളെ വിറ്റഴിക്കാനുള്ള പ്രയാസം കർഷകനുണ്ടാകുന്നില്ല.<br><br>2. മൃഗസംരക്ഷണ- കെപ്‌കോ-കുടുംബശ്രീ കോഴി വളർത്തൽ പദ്ധതി |

| | | | |
|---|---|---|---|
| | | | കെപ്കോ ഉത്പാദിപ്പിക്കുന്ന ഒരു ദിവസം പ്രായമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ 40/-രൂപ നിരക്കിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകി വളർത്തിയെടുത്ത് , 40-45 ദിവസം പ്രായവും 2 കിലോ തൂക്കവും ഉണ്ടാകുമ്പോൾ കിലോക്ക് 85/- രൂപ നിരക്കിൽ കെപ്കോ തിരിച്ചെടുത്ത് പ്രോസസ്സ് ചെയ്യുന്നു. 1000 ഇറച്ചിക്കോഴികൾ വീതമുള്ള യൂണിറ്റുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് ഇപ്പോൾ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ കോഴിക്കർഷകർക്കായി മൃഗസംരക്ഷണ വകുപ്പ് -കെ എസ് പിഡിസി-കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരംഭമായി കേരള ചിക്കൻ പദ്ധതി നടപ്പിലാക്കി വരുന്നു. |
| ബി) | ഈ വിഭാഗത്തെ കർഷകരായി അംഗീകരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ആയതിനുള്ള നടപടി കൈക്കൊള്ളുമോ; | ബി) | വിവരം ശേഖരിച്ചുവരുന്നു. |
| സി) | സർക്കാരിന്റെ കീഴിൽ ആവശ്യകതയ്ക്ക് അനുസരിച്ച് ഹാച്ചറികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) | മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിൽ ഫാമുകളോടനുബന്ധിച്ച് ഹാച്ചറികൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കരിയോട്ടുമലയിലും ആയൂർ തോട്ടത്തറയിലും ഹാച്ചറികൾ മാത്രമായി പ്രവർത്തിക്കുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ആവശ്യാനുസരണം സർക്കാർ ഹാച്ചറികൾ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ തുടങ്ങാവുന്നതാണ്. |

സെക്ഷൻ ഓഫീസർ